# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.612** **02.04.2018-ൽ മറുപടിക്ക്**

## കിൻഫ്ര മുഖേനയുള്ള വ്യവസായ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ജോയി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.കെ.ബാബു | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിന് കിൻഫ്ര എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് വരുന്നത്; | എ) സംസ്ഥാനത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിന് കിൻഫ്ര ആവിഷ്കരിച്ച് വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1) പെട്രോകെമിക്കൽ പാർക്ക്, എറണാകുളം<br>2) ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>3) സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br>4) അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്<br>5) അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ<br>6) കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം<br>7) ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം- രണ്ടാംഘട്ട വികസനം<br>8) ഫാർമാ പാർക്ക്, എറണാകുളം<br>9) കിൻഫ്ര പാർക്ക്, കാക്കഞ്ചേരി- രണ്ടാംഘട്ട വികസനം<br>10) മെഗാഫുഡ് പാർക്ക് - പാലക്കാട്<br>11) ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>12) ജെം & ജ്വവലറി പാർക്ക്, പുഴക്കൽ<br>13) ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം<br>14) വിവിധോദ്ദേശ സോണുകൾ-കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് |

..2

**ബി)** കിൻഫ്രയുടെ നിലവിലുള്ള വ്യവസായ പാർക്കുകളിൽ റോഡ്, വൈദ്യുതി വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**ബി)** കിൻഫ്ര സ്ഥാപിച്ചിട്ടുള്ള നിലവിലെ വ്യവസായ പാർക്കുകളിൽ റോഡ്, വൈദ്യുതി വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സമയാസമയങ്ങളിൽ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കിൻഫ്ര നടത്തി വരാറുണ്ട്.

**സി)** 2018-19 വർഷക്കാലയളവിൽ കിൻഫ്ര നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ്;

**സി)** 2018-19 വർഷക്കാലയളവിൽ കിൻഫ്ര നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നു:

- ഫാർമാ പാർക്ക്, കൊച്ചി
- വ്യവസായ പാർക്ക്, കുറ്റിപ്പുറം
- ഇൻഡസ്ട്രിയൽ പാർക്ക്, രാമനാട്ടുകര
- കെ.ഇ.പി.ഐ.പി. എക്സ്പോർട്ട് എൻക്ലേവ്, കാക്കനാട്
- വിവിധോദ്ദേശ വ്യവസായ മേഖലയുടെ അടിസ്ഥാന പദ്ധതിക്കായുള്ള സ്ഥലമെടുപ്പ്
- പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി

**ഡി)** സംസ്ഥാനത്തിന്റെ പുതിയ വ്യവസായനയ പ്രകാരം കര, ജല, വ്യോമയാന ഗതാഗത സൗകര്യങ്ങളുടെ ലഭ്യതയും സാമീപ്യവും ഉള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തി അക്വയർ ചെയ്യുന്നതിന് കിൻഫ്രയ്ക്ക് അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ ഇതിൻ പ്രകാരം കിൻഫ്ര നടത്തിയിട്ടുള്ള അക്വിസിഷൻ നടപടികളുടെ വിശദാംശം നല്കുമോ?

**ഡി)** സംസ്ഥാനത്ത് വിമാനത്താവളങ്ങൾ, സീപോർട്ട് എന്നീ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിവിധോദ്ദേശ വ്യവസായ സോണുകൾ സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഇത് പ്രകാരം കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ് കിൻഫ്ര വിവിധോദ്ദേശ വ്യവസായ സോണുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ കണ്ണൂരും തൊടുപുഴയിലും അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു.

**സെക്ഷൻ ഓഫീസർ**